നെടുങ്ങോലം താലൂക്ക് ആശുപത്രിയിലെ തസ്തികകൾ

70 (3501) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രി യിലെ അനുവദനീയ തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(ബി) നിലവിൽ എല്ലാ തസ്തികയിലും ജീവനക്കാർ ഉണ്ടോ ; ഇല്ലായെങ്കിൽ ഏതൊക്കെ ജീവനക്കാരാണ് കുറവുള്ളതെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത ആശുപത്രി 24 മണിക്കൂറും തുടർച്ചയായി പ്രവർത്തിക്കുന്നതിന് ആവശ്യമായ ജീവനക്കാർ ഇല്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ ?

ഉത്തരം

(എ) അനുവദിക്കപ്പെട്ട തസ്തികകൾ 41 (നാൽപ്പത്തി ഒന്ന്). വിശദാംശം താഴെ ചേർക്കുന്നു.

1	സിവിൽ സർജൻ	1
2	ജൂനിയർ കൺസൾട്ടന്റ്	2
3	അസി. സർജൻ	5
4	നേഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് - 2	1
5	ക്ലാർക്ക്	1
6	ആഫീസ് അറ്റൻഡന്റ്	1
7	ഹെഡ് നേഴ്സ്	2
8	സ്റ്റാഫ് നേഴ്സ് ഗ്രേഡ് - 1	6
9	സ്റ്റാഫ് നേഴ്സ് ഗ്രേഡ് -2	6
10	നേഴ്സിംഗ് അസിസ്റ്റന്റ്	5
11	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് -1	1
12	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - 2	5
13	നോൺ മെഡിക്കൽ സൂപ്പർവൈസർ ഗ്രേഡ് -1	1
14	ട്രീറ്റ്മെന്റ് ഓർഗനൈസർ ഗ്രേഡ് -1	1
15	ഫാർമസിസ്റ്റ് ഗ്രേഡ് -2	1
16	ലാബ് ടെക്നീഷ്യൻ ഗ്രേഡ് -2	2

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല. സിവിൽ സർജൻ, നേഴ്സിംഗ് അസിസ്റ്റന്റ്, ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് - I എന്നീ വിഭാഗങ്ങളിൽ ഒന്നുവീതം ഒഴിഞ്ഞുകിടക്കുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്നതിനാവശ്യമായ നടപടിയെടുക്കുന്നതാണ്.

നെടുങ്ങോലം താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

71 (3502) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ നെടുങ്ങോലം താലൂക്ക് ആശുപത്രി യിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട പദ്ധതി നിർദ്ദേശം ലഭിച്ചിരുന്നുവോ ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിലേക്ക് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) 2015-16-ലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി സെറ്റിംഗ് അപ് ഓഫ് ഡയാലിസിസ് യൂണിറ്റിന് 710 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിലെ ഡെങ്കിപ്പനി തടയാൻ നടപടി

72 (3503) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഡെങ്കിപ്പനി പോലെയുള്ള പനികൾ വ്യാപകമായി പടർന്ന് പിടിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കഴിഞ്ഞ മൂന്ന് മാസത്തിനിടെ ജില്ലയിൽ എത്രപേർ പനി ബാധിച്ച് മരണപ്പെട്ടിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) പനി നിയന്ത്രിക്കുന്നതിന് ജില്ലയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ മൂന്ന് മാസത്തിനിടെ ജില്ലയിൽ രണ്ട് പേർ ഡെങ്കിപ്പനി ബാധിച്ച് മരണപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly